# കേരള സർവകലാശാല

നം.പി.ആർ.221/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബാച്ചിലർ ഓഫ് ഡിസൈൻ പരീക്ഷ

കേരള സർവകലാശാല ഡിസംബർ 17-ന് തുടങ്ങുന്ന ഒന്നാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഡിസൈൻ, ഡിസംബർ 14-ന് തുടങ്ങുന്ന മൂന്നാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഡിസൈൻ പരീക്ഷകൾക്ക് പിഴകൂടാതെ നവംബർ 28 (50 രൂപ പിഴയോടെ നവംബർ 30, 250 രൂപ പിഴയോടെ ഡിസംബർ രണ്ട്) വരെ അപേക്ഷിക്കാം.

2017 ജനുവരി നാലിന് തുടങ്ങുന്ന നാലാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഡിസൈൻ പരീക്ഷയ്ക്ക് പിഴകൂടാതെ ഡിസംബർ അഞ്ച് (50 രൂപ പിഴയോടെ ഡിസംബർ ഏഴ്, 250 രൂപ പിഴയോടെ ഡിസംബർ ഒമ്പത്) വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.exams.keralauniversity.ac.in) എക്സാം പോർട്ടലിലെ നോട്ടിഫിക്കേഷൻ എന്ന ലിങ്കിൽ ലഭിക്കും.

### ബി.ആർക് യൂണിവേഴ്സിറ്റി മെരിറ്റ് സ്കോളർഷിപ്പ്

കേരള സർവകലാശാല 2015-16 അധ്യയനവർഷത്തെ ബി.ആർക് കോഴ്സിന്റെ യൂണിവേഴ്സിറ്റി മെരിറ്റ് സ്കോളർഷിപ്പിന് യോഗ്യതയുള്ള വിദ്യാർത്ഥികളുടെ ലിസ്റ്റ് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി നവംബർ 30 വരെ നീട്ടി. ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽമാർ പുതുക്കിയ തീയതിക്കകം ലിസ്റ്റ് സർവകലാശാലയിൽ സമർപ്പിക്കണം.

### എം.ടെക് (സി.എസ്.എസ്) ഫലം

കേരള സർവകലാശാല 2016 ഒക്ടോബറിൽ നടത്തിയ എം.ടെക് ടെക്നോളജി മാനേജ്മെന്റ് (2014-2016 ബാച്ച് - സി.എസ്.എസ്) ഫലം പ്രസിദ്ധീകരിച്ചു.

### എം.ഫിൽ ഫലം

കേരള സർവകലാശാല 2015-16 ബാച്ച് എം.ഫിൽ ബോട്ടണി (യൂണിവേഴ്സിറ്റി കോളേജ്), ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് (പാളയം) എന്നീ പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### സ്പോക്കൺ ഇംഗ്ലീഷ് സർട്ടിഫിക്കറ്റ് കോഴ്സ് അപേക്ഷ : തീയതി നീട്ടി

കേരള സർവകലാശാല ഇംഗ്ലീഷ് ലാംഗ്വേജ് ടീച്ചിംഗ് കേന്ദ്രം സ്പോക്കൺ ഇംഗ്ലീഷ് സ്കിൽ ഡെവലപ്മെന്റ് സർട്ടിഫിക്കറ്റ് കോഴ്സിന് അപേക്ഷിക്കേണ്ട അവസാന തീയതി നവംബർ 29-ലേക്ക് നീട്ടി. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### മെഗാ പ്ലേസ്മെന്റ് ഫെയർ-2016 മാറ്റി

കേരള സർവകലാശാല പ്ലേസ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ നവംബർ 27-ന് നടത്താനിരുന്ന മെഗാ പ്ലേസ്മെന്റ് ഫെയർ-2016 മറ്റൊരു ദിവസത്തേക്ക് മാറ്റിവെച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും. ഫെയറിൽ പങ്കെടുക്കുവാനുള്ള രജിസ്ട്രേഷൻ http://placement.keralauniversity.ac.in എന്ന പ്ലേസ്മെന്റ് പോർട്ടലിൽ തുടരും.

## എം.എസ്‌സി കൗൺസലിംഗ് സൈക്കോളജി : പ്രാക്ടിക്കൽ, വൈവ

കേരള സർവകലാശാല ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്‌സി കൗൺസലിംഗ് സൈക്കോളജി പരീക്ഷയുടെ പ്രാക്ടിക്കൽ, വൈവ പരീക്ഷകൾ ഡിസംബർ ആറ്, ഏഴ് തീയതികളിൽ നടത്തും. വിശദവിവരങ്ങൾ അതത് കോളേജുകളിലും വെബ്സൈറ്റിലും (www.keralauniversity.ac.in) ലഭിക്കും.

## ദേശീയ ലൈബ്രറി വാരാഘോഷം

കേരള സർവകലാശാല ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ദേശീയ ലൈബ്രറി വാരാഘോഷ പരിപാടികളുടെ സമാപനവും ലൈബ്രറിയിൽ പുതുതായി ആരംഭിച്ച ഇൻഫർമേഷൻ ഡെസ്കിന്റെ ഉദ്ഘാടനവും ഡോ. ജോർജ്ജ് ഓണക്കൂർ നിർവ്വഹിച്ചു. ലൈബ്രേറിയൻ ഇൻ-ചാർജ്ജ് എ. ഹംസയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ ലൈബ്രറി ഓറിയന്റേഷൻ പ്രോഗ്രാമിന്റെ ഉദ്ഘാടനം ലൈബ്രറി ശാസ്ത്ര പഠനവകുപ്പ് തലവൻ ഡോ. എസ്. ഹുമയൂൺ കബീർ നടത്തി. ലൈബ്രറി അംഗങ്ങൾക്കായി നടത്തിയ ഉപന്യാസ മത്സര വിജയികൾക്കുള്ള ക്യാഷ് അവാർഡും ഉപഹാരങ്ങളും ഡോ. ജോർജ്ജ് ഓണക്കൂർ വിതരണം ചെയ്തു. ഫാദർ റെജി പ്ലാന്തോട്ടം, ഇ. ഹാഷിം, റൂബി ജോസഫ് തുടങ്ങിയവർ പങ്കെടുത്തു.
(ഫോട്ടോ ഇ-മെയിൽ ചെയ്തിട്ടുണ്ട്)




സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
22.11.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098